പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1392 02.05.2017-ലെ മറുപടിക്ക്

## നിർത്തലാക്കിയ ബസ് സർവ്വീസുകൾ പുനരാരംഭിക്കാൻ നടപടി

ചോദ്യം
ശ്രീ. മുരളി പെരുനെല്ലി

ഉത്തരം
തോമസ് ചാണ്ടി
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | തൃശ്ശൂർ ജില്ലയിൽ 2016 - 17 കാലയളവിൽ നഷ്ടത്തിലായ എത്ര കെ.എസ്.ആർ.ടി.സി. ബസ്സ് സർവ്വീസുകൾ നിർത്തലാക്കയുണ്ടായി; വിശദാംശങ്ങൾ നൽകാമോ; | (എ) | 2016-17 കാലയളവിൽ തൃശ്ശൂർ ജില്ലയിൽ 7 സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ട്. തൃശ്ശൂർ യൂണിറ്റിൽ നിന്നുള്ള 2 പീച്ചി സർവ്വീസുകളും, ഒരു തൃപ്രയാർ സർവ്വീസും, ഗുരുവായൂർ യൂണിറ്റിൽ നിന്നുള്ള വാഴാനി ഡാം, സേനാപതി സർവ്വീസും, കൊടുങ്ങല്ലൂർ യൂണിറ്റിൽ നിന്നുള്ള അഴീകോട് - ചാലക്കുടി, അഴീകോട് - ഗുരുവായൂർ എന്നീ സർവ്വീസുകളുമാണ് നിർത്തലാക്കിയിട്ടുള്ളത്. |
| (ബി) | നിർത്തലാക്കിയ ബസ് സർവ്വീസുകൾ പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ ; വിശദാംശങ്ങൾ അറിയിക്കാമോ ? | (ബി) | ഓപ്പറേറ്റിംഗ് വിഭാഗം ജീവനക്കാരുടെ ലഭ്യതയ്ക്കനുസരിച്ചും, കോർപ്പറേഷന് വരുമാനം ലഭിക്കും എന്നുള്ള ഉറപ്പിന്റെ അടിസ്ഥാനത്തിലും നിർത്തലാക്കിയ സർവ്വീസുകൾ പുനരാരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ